വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്):

(എ) 683 പേർ.

(ബി) 683 പേർ.

(സി) 142 പേർക്ക്.

(ഡി) ആർക്കും റാങ്ക് കിട്ടിയിട്ടില്ല.

(ഇ) ഇല്ല.

ഇടമലയാർ, കല്ലട പദ്ധതികളെപ്പറ്റി പ്രതിപക്ഷ നേതാക്കളുടെ റിപ്പോർട്ട്

*35 [39] ശ്രീ. പി. കുമാരൻ:
,, എം. കെ. കേശവൻ:
,, കെ. ഇ. ഇസ്മയിൽ:

ഡോ. എ. സുബ്ബറാവു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടമലയാർ, കല്ലട എന്നീ പ്രോജക്ട് പ്രദേശങ്ങളിലെ പദ്ധതിപ്രവർത്തനങ്ങൾ പരിശോധിച്ചതിനുശേഷം പ്രതിപക്ഷനേതാക്കൾ ഒരു റിപ്പോർട്ട് ഗവൺമെന്റിന് സമർപ്പിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ആ റിപ്പോർട്ടിലെ വിവരങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(സി) ഈ റിപ്പോർട്ടിൻമേൽ ഗവൺമെന്റ് എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ധനകാര്യവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി):

(എ) ഉണ്ട്.

(ബി) റിപ്പോർട്ടുകളുടെ കോപ്പികൾ അനുബന്ധമായി വച്ചിട്ടുണ്ട്.*

(സി) കല്ലടയെ സംബന്ധിച്ചിടത്തോളം ജുഡീഷ്യൽ അന്വേഷണം ആവശ്യമില്ല എന്നാണ് ഗവൺമെന്റ് തീരുമാനം. ഇടമലയാറിനെ സംബന്ധിച്ചിടത്തോളം ടണലിലെ കോൺക്രീറ്റിന്റെ ഗുണനിലവാരത്തെ സംബന്ധിച്ച് ടെസ്റ്റ് റിപ്പോർട്ട് കിട്ടിയശേഷമേ ഇക്കാര്യത്തിൽ ഒരു തീരുമാനം എടുക്കുകയുള്ളൂ.

എം. എൽ. എ. റോഡുകൾ

*36 [40] ശ്രീ. കെ. കെ. ബാലകൃഷ്ണൻ:
,, സി. കെ. തങ്കപ്പൻ:
,, വി. സി. കബീർ:
,, എ. സി. ഷൺമുഖദാസ്:
,, കെ. പി. രാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉപമുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം. എൽ. എ. റോഡ് എന്നപേരിൽ സ്റ്റേറ്റിലാകെ ഏറെടുത്തിട്ടുള്ള റോഡുകൾ ആകെ എത്രയുണ്ട്;

*അനുബന്ധം IV

LIBRARY ARCHIVES Kerala Legislative Assembly

(ബി) എം. എൽ. എ. റോഡ് പദ്ധതി അനുസരിച്ച് എത്ര റോഡുകൾക്ക് ഇതുവരെയായി അനുമതി നൽകിയിട്ടുണ്ട്;

(സി) ഇതിനകം എത്ര റോഡുകളുടെ പണി ടെൻഡർ ചെയ്തിട്ടുണ്ട്;

(ഡി) ഇതിൽ എത്ര റോഡുകളുടെ പണി പൂർത്തിയാക്കിയിട്ടുണ്ട്;

(ഇ) എം. എൽ. എ. റോഡുകളുടെ പണി എത്ര കാലത്തിനുള്ളിൽ തീർക്കുവാനാണ് ഉദ്ദേശിക്കുന്നത്;

(എഫ്) ഏറ്റെടുത്തിട്ടുള്ള റോഡുകളുടെ നിർമ്മാണത്തിന് ആകെ എത്ര തുക വേണം എന്നാണ് കണക്കാക്കിയിട്ടുള്ളത്;

(ജി) എം. എൽ. എ. റോഡുകളുടെ നിർമ്മാണത്തിന് വേണ്ടി ഇതിനകം എത്ര തുകയാണ് നീക്കിവെച്ചിട്ടുള്ളത്?

ഉപമുഖ്യമന്ത്രി (ശ്രീ. കെ. അവുക്കാദർകുട്ടിനഹ):

(എ) 247.

(ബി) 177.

(സി) 123.

(ഡി) ഒന്നിൻെറയും പണി പൂർണ്ണമായും തീർന്നിട്ടില്ല.

(ഇ) ഒരു സമയ പരിധി പറയുക പ്രയാസമാണ്.

(എഫ്) ആകെ എത്ര തുക വേണ്ടിവരുമെന്ന് ഇപ്പോഴേ കൃത്യമായി പറയുക പ്രയാസമാണ്. ആരംഭിച്ചിട്ടുള്ള പണികൾക്ക് 1963 ലക്ഷം രൂപയുടെ എസ്റ്റിമേറാണുള്ളത്.

(ജി) എം. എൽ. എ. റോഡുകൾക്ക് 1985-86-ലെ ബഡ്ജറിൽ 1,86,61,900 രൂപ വക കൊള്ളിച്ചിട്ടുണ്ട്.

കൊച്ചിൻ യൂണിവേഴ്സിറ്റി

*37 [41] ശ്രീ. സി. ടി. അഹമ്മദാലി:
,, എ. വി. അബ്ദുറഹിമാൻ ഹാജി:
,, എം. പി. എം. ഇസഹാക്ക് കുരിക്കൾ:
,, പി. കെ. കെ. ബാവ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചിൻ യൂണിവേഴ്സിറ്റിയിൽ നടക്കുന്ന നിയമനങ്ങളിൽ സംവരണതത്വം പാലിക്കപ്പെടുന്നില്ല എന്ന വിവരം ഗവൺമെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ യൂണിവേഴ്സിറ്റി അധികൃതരുടെ മേൽ നടപടി സ്വീകരിക്കാൻ ഗവൺമെൻറ് തയ്യാറാകുമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്):

(എ) യും (ബി) യും ഇത് സംബന്ധിച്ച് ചില പരാതികൾ

LIBRARY ARCHIVES Kerala Legislative Assembly